പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 957 **14-10-2026-ൽ മറുപടിയ്ക്ക്**

വൈപ്പിൻ മണ്ഡലത്തിൽ ദീർഘകാല ജലസുരക്ഷാ മാസ്റ്റർ പ്ലാൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ടോണി ചമ്മണി

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിന്റെ ദ്വീപ്-തീരദേശ ഭൂമിശാസ്ത്രവും ജനസംഖ്യാ വർധനയും കാലാവസ്ഥാ വ്യതിയാനവും മൂലമുണ്ടാകാനിടയുള്ള ജലലഭ്യതാ പ്രശ്നങ്ങൾ കണക്കിലെടുത്ത് മണ്ഡലത്തിന്റെ അടുത്ത ഇരുപത് വർഷത്തെ കുടിവെള്ള ആവശ്യകത വിലയിരുത്തി സമഗ്രമായ ദീർഘകാല ജലസുരക്ഷാ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

മറുപടി: ആലുവയിലെ 190 MLD സ്ഥാപിത ശേഷിയുള്ള ജല ശുദ്ധീകരണ ശാല നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ജല ശുദ്ധീകരണ ശാലയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതോടെ, വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നതുമായ എളംകുന്നപുഴ, ഞാറക്കൽ, നായരമ്പലം പഞ്ചായത്തുകളിലേക്ക് നിർദിഷ്ട പദ്ധതിയിൽ നിന്നും നേരിട്ട് ജലം എത്തിക്കുവാൻ സാധിക്കുകയും അതുവഴി നിലവിൽ ചൊവ്വര പദ്ധതിയിൽ നിന്നും വിതരണം ചെയ്യുന്ന ജലം അധികമായി വരുകയും ആയത് പള്ളിപ്പുറം, കുഴുപ്പള്ളി, എടവനക്കാട് പഞ്ചായത്തുകളിലേക്കായി വിനിയോഗിക്കുവാൻ കഴിയുന്നതുമാണ്. കൂടാതെ പള്ളിപ്പുറം പഞ്ചായത്തിലേക്കായി ചെറായി ജംഗ്ഷൻ മുതൽ കോൺവെന്റ് ജംഗ്ഷൻ വരെ ഫീഡർ ലൈൻ സ്ഥാപിക്കുന്നതിനും കരിന്തലയിൽ പുതിയ ജല സംഭരണി സ്ഥാപിക്കുന്നതിനും, പമ്പ് ഹൗസ്, പമ്പിങ് സംവിധാനങ്ങൾ എന്നിവയും ഉൾപ്പെടുത്തി 10 കോടി രൂപയുടെ പദ്ധതി നിർദേശം GIDA യിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. 190 MLD ജല ശുദ്ധീകരണ ശാലയുടെ നിർമ്മാണ പൂർത്തീകരണത്തോടൊപ്പം മേൽ പദ്ധതി നിർദേശങ്ങൾ ഉൾപ്പെട്ട പ്രവർത്തികൾ കൂടി യാഥാർഥ്യമാക്കുന്നതോടുകൂടി വൈപ്പിൻ നിയോജക മണ്ഡലത്തിൽ ഭാവിയിൽ വരുവാൻ ഇടയുള്ള കുടിവെള്ളത്തിന്റെ ആവശ്യകത പരിഹരിക്കാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ